# വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമങ്ങൾ

(ഹാജർ: മഞ്ചു.കെ)

**ഉത്തരവ് നം ഇ1/666/18/ഡബ്ല്യൂ.സി.ഡി** തിരുവനന്തപുരം, തീയതി: 07/07/2018

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - ജീവനക്കാര്യം- ശിശുവികസന പദ്ധതി ആഫീസർമാരുടെ പൊതുസ്ഥലംമാറ്റം 2018 - ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. വനിതാ ശിശു വികസന ഡയറക്ടറുടെ 28.06.2018 ലെ ഇ1/666/2018 നം ഉത്തരവ്.

2. വനിതാ ശിശു വികസന ഡയറക്ടറുടെ 29.06.2018 ലെ WCD E3/9057/18 നം ഉത്തരവ്.

3. വിവിധ ശിശു വികസന പദ്ധതി ഓഫീസർമാരുടെ കത്തുകൾ.

വനിതാ ശിശു വികസന വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് പരാമർശം (1) പ്രകാരവും ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് പരാമർശം (2) പ്രകാരവും സ്ഥലംമാറ്റം അനുവദിച്ച് ഈ കാര്യാലയത്തിൽ നിന്നും ഉത്തരവായിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ശിശുവികസന പദ്ധതി ആഫീസർമാർ അതാത് പ്രോജക്ടിലെ സീനിയർസൂപ്പർവൈസർക്ക് ചുമതലകൈമാറി ഉത്തരവ് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം ഐസിഡിഎസ് സൂപ്പർവൈസർമാരുടെ പൊതു സ്ഥലംമാറ്റ ഉത്തരവിറങ്ങിയപ്പോൾ ശിശു വികസന പദ്ധതി ഓഫീസർമാർ ചുമതല കൈമാറാനിരുന്ന പല സീനിയർ ഐസിഡിഎസ് സൂപ്പർവൈസർമാർക്കും പരാമർശം (2) പ്രകാരം സ്ഥലംമാറ്റം ലഭിക്കുകയുണ്ടായെന്നും ആയതിനാൽ ചുമതല ആർക്ക് കൈമാറും എന്ന് അറിയുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും വിവിധ കാര്യാലയങ്ങളിൽ നിന്നും പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശിശുവികസന പദ്ധതി ആഫീസർമാർ ചുമതല കൈമാറുവാൻ നിർദ്ദേശിച്ചിരുന്ന സീനിയർ സൂപ്പർവൈസർമാർക്ക് സ്ഥലംമാറ്റം മൂലമോ അവധിയിൽ പ്രവേശിച്ചിരിക്കുന്നതുമൂലമോ അച്ചടക്ക നടപടിയുടെ ഭാഗമായോ ചുമതല കൈമാറുവാൻ കഴിയുന്നില്ല എങ്കിൽ തൊട്ടടുത്ത സീനിയർ സൂപ്പർവൈസറിന് (സ്ഥലംമാറ്റം കിട്ടി വന്നയാളാണ് സീനിയറെങ്കിൽ അയാൾക്ക്) പൂർണ്ണ അധിക ചുമതല നൽകി പരാമർശം (1) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. എല്ലാ ശിശുവികസന പദ്ധതി ആഫീസർമാർക്കും.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്